## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6150** **08/07/2014 ൽ മറുപടിക്ക്**

### അഴിമതി-കൈക്കൂലി എന്നിവ ഇല്ലാതാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.സുധാകരൻ :**<br>**ശ്രീ.സാജുപോൾ :**<br>**ശ്രീമതി.കെ.കെ.ലതിക:**<br>**ശ്രീ.സി.കൃഷ്ണൻ:** | | **ശ്രീ.ഉമ്മൻ ചാണ്ടി.**<br>**(മുഖ്യമന്ത്രി)** | |
| (എ) | സർക്കാർ സംവിധാനങ്ങളിലെ അഴിമതി, കൈക്കൂലി എന്നിവ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; ഇവ വ്യാപിച്ചിരിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; | (എ) | വിജിലൻസ് അന്വേഷണങ്ങളിലൂടേയും മറ്റും ശക്തമായ നടപടികൾ കൈക്കൊണ്ട് സർക്കാർ സംവിധാനങ്ങളിലെ അഴിമതി, കൈക്കൂലി എന്നിവ ഇല്ലാതാക്കാൻ എല്ലാ നടപടികളും വിജിലൻസ് വകുപ്പ് സ്വീകരിക്കുന്നുണ്ട്. അഴിമതിക്കെതിരായ ശിക്ഷാനിയമങ്ങളെ സംബന്ധിച്ച് സർക്കാർ ജീവനക്കാരിലും പൊതുജനങ്ങളിലും ശരിയായ അവബോധം ഇല്ലാത്തത് അഴിമതിയ്ക്ക് ഒരു കാരണമാണെങ്കിലും, ശക്തമായ നിയമ നടപടികളിലൂടെ അഴിമതി ഇല്ലാതാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | അഴിമതി സംബന്ധിച്ച് രഹസ്യവിവരം നൽകുന്നവർക്ക് സമ്മാനം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ; | (ബി) | ഇല്ല. |
| (സി) | ഈ ഇനത്തിൽ ഇതിനകം എത്ര പേർക്ക് സമ്മാനം നൽകുകയുണ്ടായി; എത്ര അഴിമതികൾ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി ; അവയിൽ വിജിലൻസ് അന്വേഷണത്തിന് വിട്ടവ എത്ര; | (സി) | ബാധകമല്ല. |
| (ഡി) | അവിഹിത സ്വത്ത് സമ്പാദനത്തിന്റെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത എത്ര കേസുകളിൽ ഐ.പി.എസ്, ഐ.എ.എസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയുണ്ടായി ? | (ഡി) | അവിഹിത സ്വത്ത് സമ്പാദനത്തിന്റെ പേരിൽ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകളിൽ ഒന്നിലും ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയുണ്ടായില്ല. |

**സെക്ഷൻ ഓഫീസർ**